കാർഷികോൽപ്പന്നങ്ങൾക്ക് നേരിട്ടുള്ള വിപണി

*14 [451] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:

,, എ. കെ. ബാലൻ:

,, എം. വി. ഗോവിന്ദൻ മാസ്റ്റർ:

,, കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇടനിലക്കാരുടെയും കച്ചവടക്കാരുടെയും ചൂഷണത്തിൽ നിന്നും കർഷകരെ മോചിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഇടനിലക്കാരെയും കച്ചവടക്കാരെയും ഒഴിവാക്കി ഉൽപ്പന്നങ്ങൾ നേരിട്ട് വിപണിയിലെത്തിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതിനായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത നടപടി ഏതു ഘട്ടത്തിലാണെന്നു പറയാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) അടയ്ക്കയുടെ വിലയിടിവ് പിടിച്ചുനിറുത്തുന്നതിനായി കർഷകർക്ക് വിപണി വിലയേക്കാൾ കിലോഗ്രാമിന് 10 രൂപ പരമാവധി അധികം നൽകി മാർക്കറ്റ് വില കിലോഗ്രാമിന് 60 രൂപയാകുന്നതുവരെ കാംകോ വഴി അടയ്ക്കാ സംഭരണം 1-2-2005-ന് ആരംഭിക്കുകയും 7-3-2005 വരെ 36768.9 ക്വിന്റൽ അടയ്ക്ക 9668 കർഷകരിൽനിന്നും സംഭരിക്കുകയും ചെയ്തു. അടയ്ക്കാ സംഭരണത്തിനായി ഈ വർഷം 10 കോടി രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കുരുമുളകിന്റെ വിലയിടിവ് തടയുന്നതിനായി കർഷകർക്ക് കിലോഗ്രാമിന് 75 രൂപ ലഭിക്കത്തക്ക വിധത്തിൽ കർഷകരിൽനിന്നും മാർക്കറ്റ്ഫെഡ് വഴി കുരുമുളക് സംഭരണം ഈ വർഷം ജനുവരി മാസത്തിൽ ആരംഭിക്കുകയും 4-3-2005 വരെ 2222.76 ടൺ കുരുമുളക് സംഭരിക്കുകയും ചെയ്തു. ഒരു ഹെക്ടർ വരെയുള്ള കാപ്പി കർഷകർക്ക് ഹെക്ടർ ഒന്നിന് 720 രൂപ നിരക്കിൽ ഉൽപ്പാദന ഇൻസെന്റീവ് നൽകുന്നതിനും തദ്ദാര കാപ്പി കർഷകർക്ക് വിലയിടിവിന്റെ ആഘാതത്തിൽനിന്നും ആശ്വാസം നൽകുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. നെല്ലിന് ന്യായമായ വില ഉറപ്പാക്കുന്നതിനു വേണ്ടി കർഷകരിൽ നിന്നും സംഭരണ ഏജൻസികൾ നേരിട്ട് നെല്ല് സംഭരണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇടനിലക്കാരുടേയും കച്ചവടക്കാരുടേയും ചൂഷണത്തിൽ നിന്നും കർഷകരെ മോചിപ്പിക്കുന്നതിന് സർക്കാർ ഒരു കാർഷികോല്പന്ന വിപണന (വികസനവും നിയന്ത്രണവും) ബില്ലിന് രൂപം നൽകിയിട്ടുണ്ട്.

(സി) ഇടനിലക്കാരേയും കച്ചവടക്കാരേയും പരമാവധി ഒഴിവാക്കി കർഷകർക്ക് നേരിട്ട് ഉല്പന്നങ്ങൾ വിപണിയിൽ എത്തിച്ച് കച്ചവടം ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്ത് യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടെ 6 കാർഷിക മൊത്തവ്യാപാര വിപണികൾ പ്രവർത്തിച്ചു വരുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) കേരള കാർഷികോല്പന്ന വിപണന (വികസനവും നിയന്ത്രണവും) ബിൽ അവതരിപ്പിക്കാനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു.

ശാന്തി-തന്ത്രി നിയമനത്തിൽ പിന്നോക്ക വിഭാഗങ്ങൾക്ക് പ്രാതിനിധ്യം

*15 [452] ശ്രീ. എ. എൻ. രാജൻ ബാബു:

,, ഉമേഷ് ചള്ളിയിൽ:

,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ ശാന്തി-തന്ത്രി നിയമനത്തിൽ പിന്നോക്ക വിഭാഗങ്ങൾക്ക് വേണ്ടത്ര പ്രാതിനിധ്യം ലഭിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ശബരിമലയിലെ മേൽശാന്തി നിയമനത്തിൽ പിന്നോക്ക വിഭാഗക്കാരെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ & ബി) തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളിൽ ശാന്തി-തന്ത്രി നിയമനങ്ങളിൽ പിന്നോക്ക വിഭാഗക്കാരെ ഉൾപ്പെടുത്തുവാനായി പരാതിയോ അപേക്ഷയോ ലഭിച്ചിട്ടില്ല.

(സി) ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങൾ അനുസരിച്ച് മലയാളി ബ്രാഹ്മണരെ മാത്രമേ ശാന്തിക്കാരായി തെരഞ്ഞെടുക്കാറുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly